4
ജൂലൈ 2023
ചൊവ്വ
Pages- 5
Vol. 2 Issue 152

# ക്രിസ്ത്യൻലൈവ് ദിനപത്രം

On the Battlefield for the Great Commission

CNL7 MEDIA

521

# സൂററ്റിൽ പാസ്റ്റർ സുരേഷിനും ഭാര്യക്കും നേരെ ആക്രമണം




**പാസ്റ്ററെയും ഭാര്യയെയും മർദിച്ചപ്പോൾ തടയാൻ ശ്രമിച്ച വിശ്വാസികളെയും മർദിച്ചു**

പേജ് 2,4 കാണുക




## ക്രിസ്ത്യൻ ലൈവ് പ്രവർത്തനങ്ങൾ മാതൃകാപരം: റവ. ഡോ. വിൽസൺ ജോസഫ്

## എഡിറ്റോറിയൽ
## ക്രിസ്ത്യൻ ലൈവ്



2023 ജൂലൈ 4 ചൊവ്വ

# തകർക്കേണ്ട ബാബേലുകൾ

ബൈബിൾ പഠിക്കുമ്പോൾ മനുഷ്യന്റെ ആദ്യകാല നിർമ്മിതികളിൽ ഒന്നാണ് ബാബേൽ ഗോപുരം. ഉല്പത്തി പുസ്തകം 11-ാം അധ്യായം 1 മുതൽ 9 വരെ വാക്യങ്ങളിലാണ് ഇതിൻറെ റഫറൻസ് നമുക്ക് ലഭിക്കുന്നത്. ആകാശത്തോളം എത്തുന്ന മനോഹരമായ ഒരു ഗോപുരം പണിതുയർത്തണം എന്നതായിരുന്നു അവരുടെ താൽപര്യം പക്ഷേ ദൈവം ഇറങ്ങി അവരുടെ ഭാഷ കലക്കി, ഗോപുരത്തിന്റെ പണിയെ നശിപ്പിച്ചു കളഞ്ഞു. മനുഷ്യൻറെ മനോഹരമായ ഒരു പണിയെ എന്തുകൊണ്ട് ദൈവം തകർത്തു എന്ന ചോദ്യം വളരെ പ്രസക്തമാണ്.

ഒന്നാമത്തെ കാര്യം അവർ ഭൂതലത്തിൽ എന്നും ചിതറി പോകാതിരിക്കേണ്ടതിന് ഗോപുരം പണിയുക എന്നതായിരുന്നു അവരുടെ ഉദ്ദേശം. എന്നാൽ മനുഷ്യനെ പറ്റിയുള്ള ദൈവിക ഉദ്ദേശം മനുഷ്യൻ ഭൂമിയിൽ എങ്ങും ചിതറി പാർത്ത് നിറയണം എന്നുള്ളതായിരുന്നു. നോഹയോടും ആദമിനോടും ഇതേ കാര്യം ദൈവം പറയുന്നത് നമുക്ക് കാണാം (ഉല്പത്തി 1:28; 9:1). അതായത് ദൈവത്തിൻറെ പദ്ധതിക്ക് വിരുദ്ധമായിട്ടാണ് അവർ ഗോപുരം പണിയാൻ ആരംഭിച്ചത് എന്നത് വ്യക്തം.

രണ്ടാമത്, ഒരുപക്ഷേ ഇനി ഒരു പ്രളയം ഉണ്ടായാൽ ആ പ്രളയത്തെ അതിജീവിക്കാൻ അവർക്ക് മുകളിൽ കയറിയിരിക്കാൻ കഴിയുന്ന ഉയരമുള്ള ഒരു ഗോപുരം എന്നതായിരുന്നു അവരുടെ ഉദ്ദേശം. അതായത്, ഇനി ഒരിക്കലും പ്രളയം കൊണ്ട് ഭൂമിയെ മുഴുവനായി നശിപ്പിക്കുകയില്ല എന്നുള്ള ദൈവത്തിൻറെ വാഗ്ദത്തത്തെ (ഉല്പത്തി 9:11) അവർ അവിശ്വസിച്ചു. ദൈവത്തെ വിശ്വസിക്കാൻ കൊള്ളാത്തവൻ ആയിട്ടാണ് അവർ കണ്ടത്.

അവർ ദൈവത്തിന്റെ വാക്കുകളെ വിശ്വസിക്കാതിരിക്കുകയും ദൈവത്തിൻറെ പദ്ധതിക്ക് വിരുദ്ധമായി നിലനിൽക്കുകയും ചെയ്തുകൊണ്ട് ഗോപുരം പണിതപ്പോഴാണ് ദൈവത്തിന് ഇറങ്ങി വന്ന് ആ പണിയെ തകർത്തു കളയേണ്ടി വന്നത്.

അങ്ങനെ നോക്കുമ്പോൾ തകർത്തു കളയേണ്ട ഒരുപാട് പണികൾ ഇന്ന് ആത്മീയ ലോകത്തും നടന്നുകൊണ്ടിരിക്കുകയാണ്. ഒറ്റനോട്ടത്തിൽ വളരെ നല്ലതെന്നും സഭയ്ക്ക് പറ്റിയതെന്നും ആളുകൾക്ക് അനുയോജ്യമായത് എന്നും ഒക്കെ ചിന്തിക്കുന്ന പല കാര്യങ്ങൾ ആളുകൾ പണിഞ്ഞു കൂട്ടുകയാണ്.

സുവിശേഷത്തിന്റെ പേരു പറഞ്ഞ് പണം പിരിച്ച് പണിതുകൂട്ടിയ രമ്യ ഹർമ്യങ്ങളും, പണം മുടക്കി പരസ്യം കൊടുത്ത് ആളുകളെക്കൊണ്ട് പി ആർ വർക്ക് ചെയ്യിച്ച് സ്വയം ഉണ്ടാക്കിയെടുത്ത പേരും പെരുമയും, ദുരുപദേശത്തിന്റെ മേൽ സഭ എന്ന പേരിൽ കെട്ടിയുയർത്തിയ പ്രസ്ഥാനങ്ങളും, എല്ലാം ഇടിച്ചു കളയേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. കാരണം ദൈവം ആഗ്രഹിച്ചത് ഇതല്ല. ദൈവ പദ്ധതിക്ക് വിരുദ്ധമായി പണിതുയർത്തുന്ന ഏത് അലങ്കാരങ്ങളും ഇടിച്ചു കളയുവാൻ തമ്പുരാന് അവകാശമുണ്ട്; ദൈവമത് ചെയ്യുക തന്നെ ചെയ്യും.

കോട്ടകൊത്തളങ്ങൾ പണിതുയർത്താനും പേരും പ്രസിദ്ധിയും നേടുവാനും ബാങ്ക് ബാലൻസ് വർദ്ധിപ്പിക്കാനും വീടും തോട്ടവും വയലും നേടാനുമുള്ള സമയം അല്ല ഇത്. ഇത് കരയുവാൻ ഉള്ള സമയമാണ്. കഷ്ടത അനുഭവിക്കുന്ന ജനത്തെ ഓർത്ത്, പീഡനത്തിൽ കൂടി കടന്നു പോകുന്ന ദൈവജനത്തെ ഓർത്ത്, കർത്താവിൻറെ നാമത്തിനുവേണ്ടി കഷ്ടത അനുഭവിക്കുന്ന ദൈവഭക്തന്മാരെ ഓർത്ത്, ലഹരിക്ക് അടിമകളായി നശിച്ചുപോകുന്ന യുവതലമുറയെയും കുഞ്ഞുങ്ങളെയും ഓർത്ത്, ആരാധനയ്ക്ക് പോകുവാൻ പോലും താല്പര്യമില്ലാതെ മാറിക്കൊണ്ടിരിക്കുന്ന പുതുതലമുറയെ ഓർത്ത് നിലവിളിക്കാനുള്ള സമയം അതിക്രമിച്ചിരിക്കുന്നു.

ദൈവം ഇതുവരെ തകർക്കാത്ത ചില ബാബേലുകൾ വിട്ട് നമുക്ക് പുറത്തേക്കിറങ്ങാം. ഇനിയും ബാബേൽ ഗോപുരങ്ങൾ പണിതുയർത്തുവാനുള്ള പദ്ധതികൾ ഉപേക്ഷിച്ച് നമുക്ക് ദൈവിക പദ്ധതിയിലേക്ക് മടങ്ങിവരാം.



അനു കോശി

Editorial board

**Chief Editor:**
Blessin John Malayil
**Managing Editor**
Aji George
**Publisher**
Nelson George

**Editors:**
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji Iype Mathews
Pr. Shibu Thomas , Oklahoma .
Pr. Blesson Cherian , Canada.
Rojin Pynummoodu
Duglus Joseph
Sis.Jessy Koshy
Sis.Blessy Rufus

+91 9188522220 +91 9846552220 Email: cnl7news@gmail.com

# സൂററ്റിൽ പാസ്റ്റർ സുരേഷിനും ഭാര്യക്കും നേരെ ആക്രമണം



സൂററ്റ് : ഗുജറാത്തിലെ സൂററ്റിൽ സിറ്റി ഐ.പി.സി ചർച്ച് ശുശ്രൂഷകൻ പാസ്റ്റർ എസ്. സുരേഷിനും ഭാര്യക്കും നേരെ ആക്രമണം . ഞായറാഴ്ച സഭാരാധനക്ക് ശേഷം വൈകുന്നേരം സഭയുടെ ഔട്ട് സ്റ്റേഷനിൽ പ്രാർത്ഥന നടത്തികൊണ്ടിരുന്നപ്പോൾ ആണ് സുവിശേഷ വിരോധികൾ ആക്രമിച്ചത്. ഹിന്ദിക്കാരണ് ഇവിടെ കൂടിവരുന്നത്. പാസ്റ്ററെയും ഭാര്യയെയും മർദിച്ചപ്പോൾ തടയാൻ ശ്രമിച്ച വിശ്വാസികളെയും മർദിച്ചു. പാസ്റ്റർക്കും ഭാര്യയ്ക്കും മുഖത്തും ശരീരത്തും ആണ് മർദ്ദനം ഏറ്റിരിക്കുന്നത്. ആരും ഫോട്ടോയും വീഡിയോയും എടുക്കാതിരിക്കാൻ എല്ലാവരുടെയും മൊബൈൽ ഫോണുകൾ ആദ്യം തന്നെ സംഘം പിടിച്ചു വാങ്ങിച്ചു, മണിപ്പൂരിൽ നടക്കുന്നതുപോലെ തന്നെ ഇവിടെയും ആക്കും എന്ന് വന്നവർ പറയുന്നുണ്ടായിരുന്നു. ഇനിയും ഇവിടെ മീറ്റിംഗ് നടത്തിയാൽ വീണ്ടും പ്രശ്നം ഉണ്ടാക്കും എന്ന് പറഞ്ഞാണ് അവർ പോയത്.

# കേരള പെന്തെക്കോസ്ത് റൈറ്റേഴ്സ് ഫോറം അവാർഡുകൾ വിതരണം ചെയ്തു



ഫിലാദൽഫിയ: നോർത്ത് അമേരിക്കയിലുള്ള മലയാളി പെന്തക്കോസ്ത് എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുവാൻ കേരള പെന്തക്കോസ്തൽ റൈറ്റേഴ്സ് ഫോറം ഓഫ് നോർത്ത് അമേരിക്ക പ്രഖ്യാപിച്ചിട്ടുള്ള അവാർഡുകൾ പി.സി.എൻ.എ.കെ സമ്മേളനത്തിനോട് അനുബന്ധിച്ച് നടത്തപ്പെട്ട റൈറ്റേഴ്സ് ഫോറം വാർഷിക സമ്മേളനത്തിൽ വിതരണം ചെയ്തു. റൈറ്റേഴ്സ് ഫോറം പ്രസിഡന്റ് പാസ്റ്റർ തോമസ് കിടങ്ങാലിൽ അധ്യക്ഷത വഹിച്ചു. റവ. മനു ഫിലിപ്പ് രചിച്ച മിസ്റ്റീരിയസ് ഓഷ്യൻ വർക്കേഴ്സ് എന്ന ഇംഗ്ലീഷ് വിഭാഗത്തിലെ ഗ്രന്ഥത്തിന് ഡോ ബാബു തോമസ് അവാർഡ് നൽകി. മലയാളം വിഭാഗത്തിൽ നിന്നും പി എസ് ഫിലിപ്പ് രചിച്ച സിക്ലാഗിൽ സഭ കൂടിയപ്പോൾ എന്ന ഗ്രന്ഥത്തിന് പാസ്റ്റർ പി.പി. കുര്യൻ അവാർഡ് നൽകി.

മലയാളം ലേഖന വിഭാഗത്തിൽ ന്യൂയോർക്കിൽ നിന്നുള്ള തങ്കമ്മ സാമുവൽ രചിച്ച അമ്മയാം ത്യാഗി എന്ന കവിതയ്ക്ക് പാസ്റ്റർ കെ.സി ജോൺ അവാർഡ് വിതരണം നടത്തി.

നിത്യതയ്ക്കായുള്ള നിക്ഷേപം എന്ന ജേക്കബ് മാത്യൂവിന്റെ ലേഖനത്തിന് ക്രൈസ്തവ ചിന്ത ചീഫ് എഡിറ്റർ കെ.എൻ. റസ്സൽ അവാർഡ് നൽകി ആദരിച്ചു. മാധ്യമ പ്രവർത്തകരെ പ്രതിനിധികരിച്ച് പാസ്റ്റർ സാംകുട്ടി മാത്യൂ അശംസ അറിയിച്ചു. പാസ്റ്റർ സണ്ണി ഫിലിപ്പ് മുഖ്യ സന്ദേശം നൽകി.
ഭാരവാഹികളായ റവ. തോമസ് കിടങ്ങാലിൽ, റവ.ഷിബു ശാമുവൽ,
ഡോ. സാം കണ്ണംപള്ളി, റവ. മനു ഫിലിപ്പ്, ഏലിയാമ്മ വടകോട്ട് എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി. തുടർന്ന് നടന്ന റൈറ്റേഴ്സ് ഫോറം ജനറൽ ബോഡിയിൽ പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. പ്രസിഡന്റ് രാജൻ ആര്യപള്ളി, വൈസ് പ്രസിഡന്റ് സാം മാത്യൂ , ജനറൽ സെക്രട്ടറി നിബു വെള്ളവന്താനം, ജോ സെക്രട്ടറി എബിൻ അലക്സ് , ട്രഷറാർ ഡോ. ജോളി ജോസഫ് താഴാംപള്ളം, ലേഡീസ് പ്രതിനിധി ഡോ. ഷൈനി സാം എന്നിവരാണ് പുതിയ ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെട്ടത്.

# അടുത്ത അഞ്ച് ദിവസം അതി തീവ്ര മഴയ്ക്ക് സാധ്യത; ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് മുഖ്യമന്ത്രി



തിരുവനന്തപുരം:അടുത്ത അഞ്ച് ദിവസം സംസ്ഥാനത്ത് വ്യാപക അതിതീവ്ര മഴയ്ക്ക് സാധ്യതയുള്ളതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. മഴയുടെ തീവ്രത കണക്കിലെടുത്ത് എല്ലാ ജില്ലകളിലും കണ്ട്രോൾ റൂം തുറന്നിട്ടുണ്ട്. ജില്ലാതല, താലൂക്ക് തല എമർജൻസി ഓപ്പറേഷൻ സെന്ററുകൾ 24 മണിക്കൂറും പ്രവർത്തിക്കണമെന്ന് നിർദേശം നൽകിയിട്ടുണ്ടെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.ഏഴ് ജില്ലകളിൽ ദേശിയ ദുരന്ത പ്രതികരണ സേന സജ്ജമാണ്. ഇടുക്കി, പത്തനംതിട്ട , മലപ്പുറം, വയനാട്, കോഴിക്കോട്, ആലപ്പുഴ, തൃശൂർ എന്നി ജില്ലകളിലാണ് അടിയന്തിര ഘട്ടങ്ങളിൽ ഉപയോഗിക്കാനായി ദേശിയ ദുരന്ത പ്രതികരണ സേനയെ സജ്ജമാക്കിയിട്ടുള്ളതെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.




കഴിഞ്ഞ ലക്കം തുടർച്ച

മുൻ അമേരിക്കൻ പ്രസിഡണ്ട് എബ്രഹാം ലിങ്കണാണ് ഓർമ്മയിൽ വരുന്ന മറ്റൊരു താരം.അടിമകളുടെ വിമോചകനായി ഇന്ന് ലോകം ലിങ്കണെ വാഴ്ത്തിപ്പാടുന്നുണ്ട് . എന്നാൽ ഒരിക്കൽ തെരുവുവിളക്കിന്റെ ചുവട്ടിൽ ഇരുന്ന പഠിച്ച ബാല്യകാലം ആ വലിയ മനുഷ്യനുണ്ടായിരുന്നു. മിക്കതെരെഞ്ഞെടുപ്പുകളിലും ലിങ്കണെ തേടിയെത്തിയത് പരാജയം മാത്രമായിരുന്നു. ലിങ്കന് എത്രമാത്രം ദുഃഖം ഉണ്ടായിട്ടുണ്ടാകും ?എത്രമാത്രം അയാൾ കരഞ്ഞിട്ടുണ്ടാകും ? എന്തുമാത്രം നിരാശപ്പെട്ടു കാണും ? പക്ഷേ പരാജയങ്ങളൊന്നും പരാജയങ്ങളായി അയാൾ കണ്ടില്ല.മറിച്ച് അതെല്ലാം വിജയത്തിന്റെ ചവിട്ടുപടികളാക്കി.ചോദിക്കട്ടെ, നിങ്ങളെ ചവിട്ടിതാഴ്ത്തുവാൻ ശ്രമിക്കുന്നവരെ ,സാഹചര്യങ്ങളെ വിജയത്തിന്റെ കല്പടവുകളാക്കാൻ നിങ്ങൾക്കാവുമോ? അതിന് നിങ്ങൾക്ക് സാധിക്കുമോ ? സാധാരണക്കാരിൽ ഒരാളായ നാരായണൻ ഇന്ത്യൻ പ്രസിഡണ്ടായ ഡോ.കെ.ആർ .നാരായണനായി. ഇന്ത്യയുടെ മിസൈൽമാനായി അറിയപ്പെട്ട മുൻ രാഷ്ട്രപതി ഡോ.അബ്ദുൾ കലാമിന്റെ ബാല്യവും ഒട്ടും വിഭിന്നമായിരുന്നില്ല. ചരിത്രത്തിന്റെ താളുകളിലിടം കണ്ടെത്തിയ ഇവരൊന്നും ജനിച്ചു വീണതും പട്ടുമെത്തയിലോ ,മണിമാളികയിലോ ആയിരുന്നില്ല. നിരാശ നിറഞ്ഞ അവരുടെ രാത്രികളിലേക്ക് നിലാവിന്റെ പൊൻകിരണങ്ങൾ വീശിയതെങ്ങനെയാണ്? ഉത്തരം ഒരുപാടുണ്ടാകും. എങ്കിലും കഠിനദ്ധ്വാനം. സ്ഥിരോത്സാഹം, പ്രാർത്ഥന.... നിരാശ നിറഞ്ഞ ആ രാത്രികളിൽ അവർ എല്ലാം അവസാനിപ്പിക്കാമെന്ന് കരുതിയില്ല. മരണത്തെ കുറിച്ച് ചിന്തിച്ചതേയില്ല.പകരം സ്വന്തം സ്വപ്നങ്ങൾക്ക് എങ്ങനെ ജീവൻ പകരുമെന്ന് മാത്രം ചിന്തിച്ചു.ഉയരത്തിൽ എങ്ങനെ പറന്നുയരാമെന്ന് ആലോചിച്ചു. ഒടുവിൽ അത് സഫലമായി.ചിറകടിച്ച് ഉന്നതങ്ങളിലേക്ക് അവർ ഉയർന്നു. ആ ഉയർച്ച മാത്രമാണ് ലോകം കണ്ടത്. നിങ്ങൾക്കും അത് സാധിക്കില്ലേ ? നിശ്ചയമായും.

(തുടരും)

# ഐപിസി ഈരാറ്റുപേട്ട സെന്ററിനു പുതിയ നേതൃത്വം



ഈരാറ്റുപേട്ട : ഐപിസി ഈരാറ്റുപേട്ട സെന്റർ പുതിയ ഭരണസമിതിയെ തിരഞ്ഞെടുത്തു. ജൂൺ 25 ന് ഞായറാഴ്ച്ച ഉച്ചതിരിഞ്ഞ് ഐപിസി ഷെക്കേന ഈരാറ്റുപേട്ട സെന്റർ സഭയിൽ സെന്റർ പ്രസിഡന്റ് പാസ്റ്റർ രാജേഷ് പ്ലാത്തോട്ടത്തിന്റെ അധ്യക്ഷതയിൽ നടന്ന ജനറൽ ബോഡി മീറ്റിംഗിലാണ് 2023 24 വർഷത്തേക്കുള്ള പുതിയ ഭരണ സമതിയെ തിരഞ്ഞെടുത്തത്. ഇതേ കാലയളവിലേക്കുള്ള സൺഡേ സ്കൂൾ, പി. വൈ. പി. എ ഭാരവാഹികളെയും തിരഞ്ഞെടുത്തു. സെന്റർ പ്രസിഡന്റ് പാസ്റ്റർ രാജേഷ് പ്ലാത്തോട്ടം, വൈസ് പ്രസിഡന്റ് : പാസ്റ്റർ കെ. ജെ. ഫ്രാൻസിസ്, സെക്രട്ടറി : ഇവാ. സിജു ജോർജ്, ജോയിന്റ് സെക്രട്ടറി : ജോണി മാത്യു, ട്രഷറർ: മാനുവേൽ ടി. ജോസഫ്, പബ്ലിസിറ്റി കൺവീനേഴ്സ്: ഇവാ. രാജേഷ് പി. ഇ., ഇവാ. എക്സ്ഡസ് ഫ്രാൻസിസ് എന്നിവരെയും സൺഡേ സ്കൂൾ സൂപ്രണ്ടായി ഇവാ. ജെയ്സൺ സാബുവും സെക്രട്ടറിയായി സുരേഷ് ടി. പിയും തിരഞ്ഞെടുക്കപ്പെട്ടു. പി. വൈ. പി. എ. പ്രസിഡന്റായി പാസ്റ്റർ വിനോദ് എ. കെയും സെക്രട്ടറിയായി പാസ്റ്റർ സാബു ജോർജും നിയമിതരായി.

# ചന്ദ്രയാൻ 3 വിക്ഷേപണം ജൂലൈ13ന്; തീയതി പ്രഖ്യാപിച്ച് ഐഎസ്ആർഒ

ന്യൂഡൽഹി:ഇന്ത്യയുടെ അഭിമാന പദ്ധതിയായ ചന്ദ്രയാൻ 3ന്റെ വിക്ഷേപണ തീയതി പ്രഖ്യാപിച്ച് ഐഎസ്ഐർഒ. ജൂലൈ 13 ന് ആദ്യ ശ്രമം നടത്തുമെന്ന് ഐഎസ്ആർഒ അധ്യക്ഷൻ എസ് സോമനാഥ് അറിയിച്ചു. ചന്ദ്രനിൽ സോഫ്റ്റ് ലാൻഡിങ് നടത്താൻ ചന്ദ്രയാൻ 3ന് സാധിക്കുമെന്ന ആത്മവിശ്വാസവും അദ്ദേഹം പ്രകടിപ്പിച്ചു.ജൂലൈ 12 മുതൽ 19 വരെയാണ് ചന്ദ്രയാൻ മൂന്നിന്റെ വിക്ഷേപണ വിൻഡോ. ഇതിൽ ജൂലൈ 13 ആണ് വിക്ഷേപണ തീയതിയായി തീരുമാനിച്ചത്. ജൂലൈ 19 വരെയുള്ള ദിവസങ്ങളിലേക്ക് ഇത് മാറിയേക്കാമെന്നും എസ് സോമനാഥ് പറഞ്ഞു. ചന്ദ്രന്റെ ദക്ഷിണധ്രുവത്തിൽ സോഫ്റ്റ് ലാൻഡിങ് നടത്തുകയെന്ന പ്രഥമ ലക്ഷ്യവുമായാണ് ചന്ദ്രയാൻ മൂന്ന് കുതിച്ചുയരുക. നിലവിൽ അമേരിക്ക, റഷ്യ, ചൈന എന്നീ രാജ്യങ്ങളാണ് ചന്ദ്രോപരിതലത്തിൻ സോഫ്റ്റ് ലോൻഡിങ് നടത്തിയിട്ടുള്ള. ഈ നിരയിലേക്കെത്തുകയാണ് ഇന്ത്യയുടെ ലക്ഷ്യം. ചന്ദ്രയാൻ രണ്ടിലൂടെ സോഫ്റ്റ് ലാൻഡിങ് നടത്താനുള്ള ശ്രമം അവസാന നിമിഷമാണ് പരാജയപ്പെട്ടത്. ലാൻഡിങ്ങിന് മിനിറ്റുകൾക്ക് മുൻപ് ലാൻഡർ നിയന്ത്രണം വിട്ട് ചന്ദ്രോപരിതലത്തിലേക്ക് വീഴുകയായിരുന്നു.




# മോസ്കോയിൽ ഡ്രോൺ ആക്രമണം; യുക്രൈനെന്ന് റഷ്യ




മോസ്കോ: മോസ്കോയിൽ യുക്രൈൻ ഡ്രോൺ ആക്രമണം നടത്തിയതായി റഷ്യൻ പ്രതിരോധ മന്ത്രാലയം . വ്നുക്കോവോ അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന് വിമാനങ്ങൾ വഴിതിരിച്ചുവിട്ടുവെന്നും മന്ത്രാലയം അറിയിക്കുന്നു. ചൊവ്വാഴ്ചയാണ് ആക്രമണം നടത്തിയത്. തലസ്ഥാനത്തിന് ചുറ്റുമുള്ള വിശാലമായ പ്രദേശങ്ങളും ലക്ഷ്യമാക്കി നടത്തിയ ആക്രമണത്തിൽ അഞ്ച് ഡ്രോണുകൾ ഉപയോഗിച്ചതായി റിപ്പോർട്ടുണ്ട്.
നഗരത്തിന്റെ തെക്കുപടിഞ്ഞാറുള്ള വ്നുക്കോവോ വിമാനത്താവളത്തിൽ നിന്ന് ഏകദേശം 36 കിലോമീറ്റർ (22 മൈൽ) അകലെയുള്ള കുബിങ്ക പട്ടണത്തിലാണ് ഡ്രോണുകളിൽ ഒന്ന് തകർന്നതെന്ന് റഷ്യൻ സ്റ്റേറ്റ് മീഡിയ വ്യക്തമാക്കി.
എല്ലാ ഡ്രോണുകളും വെടിവെച്ചിട്ടതായും ആളപായമോ നാശനഷ്ടമോ ഉണ്ടായിട്ടില്ലെന്നും പ്രതിരോധ മന്ത്രാലയം അറിയിച്ചു.എന്നാൽ ആക്രമണത്തിൻറെ ഉത്തരവാദിത്തം യുക്രൈൻ ഏറ്റെടുത്തിട്ടില്ല. മോസ്കോയിലെ മൂന്ന് അന്താരാഷ്ട്ര വിമാനത്താവളങ്ങളിലൊന്നായ വ്നുക്കോവോ വിമാനത്താവളത്തിലെ നിയന്ത്രണങ്ങൾ ഇപ്പോൾ നീക്കിയിട്ടുണ്ട്.മോസ്കോ മേഖലയിൽ പറന്ന ഡ്രോണുകളിൽ നാലെണ്ണം വ്യോമ പ്രതിരോധ സംവിധാനങ്ങളാൽ വെടിവച്ചിട്ടതായി പ്രതിരോധ മന്ത്രാലയം അറിയിച്ചു.

ക്രിസ്ത്യൻ മാട്രിമോണി

Born & raised in Qatar, Pentecostal youth (28/5'5), only son, works as a Chemical Engineer (Schlumberger), invites proposals from parents of spiritual and God fearing girls.“. Preference will be given to those those from medical field. Phone :97455327348. (WhatsApp) Email: jaj3292000@yahoo.co.in

വധുവിനെ ആവശ്യമുണ്ട്
Remarriage,Born Again Syrian Christian
Boy,31 yr/172 cm,BE.Mech,Pathanamthitta 9946847617

ക്രിസ്ത്യൻ പെന്തക്കോസ്ത് യുവാവ് Age-41, Height-179 (B. A Sociology, Bth, Dip Mission., B A. in Minitsry) ജോലിയോടൊപ്പം ജീവകാരുണ്യ പ്രവർത്തനവും സുവിശേഷ പ്രവർത്തനവും നടത്തുന്നു. സ്വദേശത്തോ വിദേശത്തോ ജോലിയുള്ളതും ഇല്ലാത്തതുമായ അനുയോജ്യമായ പെൺകുട്ടികളിൽ നിന്നും വിവാഹലോചനകൾ ക്ഷണിക്കുന്നു. ബാധ്യത ഇല്ലാത്ത പുനർ വിവാവഹവും പരിഗണിക്കും. **ഫോൺ: 9847683343.**

# ക്രിസ്ത്യൻ ലൈവ് പ്രവർത്തനങ്ങൾ മാതൃകാപരം: റവ. ഡോ. വിൽസൺ ജോസഫ്






ഷാർജ: ക്രിസ്ത്യൻ ലൈവിലൂടെ ലോകമെങ്ങും നടക്കുന്ന സുവിശേഷ പ്രവർത്തനങ്ങൾ അനേകരുടെ ജീവതത്തിൽ ആശ്വാസവും അനുഗ്രഹവുമാണെന്ന് ഐപിസി യു എഇ റിജിയൺ പ്രസിഡണ്ട് റവ. ഡോ. വിൽസൺ ജോസഫ് പ്രസ്താവിച്ചു.
ക്രിസ്ത്യൻ ലൈവിന്റെ മിഡിൽ ഈസ്റ്റ് ലോഞ്ചിംഗിനോട് അനുബന്ധിച്ച് നടത്തിയ ഭക്തസ്മരണ മ്യൂസിക്കൽ നൈറ്റ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ചർച്ച് ഓഫ് ഗോഡ് യു എ ഇ നാഷണൽ ഓവർസിയർ റവ. ഡോ. കെ ഒ മാത്യു സമ്മേളനത്തിന് അധ്യക്ഷത വഹിച്ചു. ബ്രദർ ബ്ലസിൻ ജോൺ മലയിൽ ക്രിസ്ത്യൻ ലൈവ് മിഡിയ പ്രവർത്തനങ്ങളെ കുറിച്ച് വിശദികരിച്ചു. മിഡിൽ ഈസ്റ്റ് കോർഡിനേറ്റർ ബ്രദർ സന്തോഷ് അറക്കൽ ഈപ്പൻ,
മാനേജിംഗ് കമ്മിറ്റിയംഗം പാസ്റ്റർ ഷിബു മുണ്ടപ്ളാക്കൽ എന്നിവർ സമ്മേളനത്തിന് നേതൃത്വം നൽകി.

ബ്രദർ ബിനോയി കുര്യൻ നേതൃത്വം നൽകിയ ഭക്തസ്മരണ സംഗീത നിശയിൽ ഭക്തവത്സലന്റെ മക്കളായ ബെഞ്ചി, ബിനി എന്നിവരെ കൂടാതെ ബ്രദർ ലാലു പാമ്പാടി, ഇവാ. കെ പി രാജൻ, ബ്രദർ റ്റിബിൻ , റെനോയി കുര്യൻ, സിസ്റ്റർ ഷൈനി പ്രമോദ്, ഷാരോൻ ലെനോയി തുടങ്ങിയവർ ഗാനങ്ങൾ ആലപിച്ചു. ഈ ഓർക്കസ്ട്രയിൽ ഹരികുമാർ പന്തളം , ലെനോയി കുര്യൻ, സ്റ്റീവ് സാബു , ജെറോം ജോയി, ഷിബു ജോർജ്,ജോയൽ ജോൺ , ബെഞ്ചമിൻ ബിനോയി, റെനോയി കുര്യൻ, ജിനു ജോയി തുടങ്ങിയവർ വിവിധ വാദ്യോപകരണങ്ങൾ കൈകാര്യം ചെയ്തു. ഇവാ. ടോണി ചെവ്വൂക്കാരൻ ഭക്തവത്സലന്റെ ഗാനങ്ങൾ എഴുതാനുള്ള സാഹചര്യം വിശദികരിച്ചു.
ഷാർജക്ക് പുറമെ ജൂലൈ 6 ന് ഫുജൈറയിലും 7 ന് ഉം അൽ ക്വയിനിലും 8 ന് ദുബൈയിലും 15 ന് അജ്മാനിലുമാണ് ഭക്തസ്മരണ സംഗീത സന്ധ്യകൾ സംഘടിപ്പിച്ചിട്ടുള്ളത്. യുഎഇയിലെ വിവിധ എമിറേറ്റ്സുകളിൽ ക്രിസ്ത്യൻ ലൈവിന് ഇപ്പോൾ കമ്മിറ്റികളുണ്ട്. ഈ കമ്മിറ്റികളുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ ശക്തീകരിക്കുവാനാണ് ഇപ്പോൾ ആഗ്രഹിക്കുന്നത്. ആധുനിക സാങ്കതിക വിദ്യകളുടെ മികവോടെ യുവജനങ്ങൾക്കിടയിലേക്ക് വിവിധ പരിപാടികളിലൂടെ ഇറങ്ങി ചെല്ലുകയാണ് പ്രാഥമിക ലക്ഷ്യം. ബ്രദർ അജി ജോർജാണ് ക്രിസ്ത്യൻ ലൈവ് പ്രവർത്തനങ്ങൾക്ക് 2008 ൽ ഷാർജയിൽ തുടക്കമിട്ടത്.

## മതസ്വാതന്ത്ര്യത്തിനും വിശ്വാസത്തിനുമുള്ള ഉറപ്പുനൽകണം : ആവശ്യവുമായി മതസ്വാതന്ത്ര്യ സംഘടന



ജാകർത്ത :ഇന്തോനേഷ്യയിൽ മതന്യൂനപക്ഷങ്ങളെ ദുരുപയോഗം ചെയ്യുന്നത് തടയാനും രാജ്യത്തെ എല്ലാ പൗരന്മാർക്കും മതസ്വാതന്ത്ര്യത്തിനും വിശ്വാസത്തിനുമുള്ള അവകാശത്തിന് സംരക്ഷണവും ആദരവും ഉറപ്പുനൽകണമെന്ന ആവശ്യവുമായി ഇന്തോനേഷ്യൻ പ്രമുഖ മതസ്വാതന്ത്ര്യ അഭിഭാഷക സംഘടന സെറ്റാറ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഡെമോക്രസി ആൻഡ് പീസ്.
മതനിന്ദ ലേഖനങ്ങളുടെ ഉപയോഗം തടയുകയോ കുറഞ്ഞത് നടപ്പാക്കുകയോ ചെയ്യണമെന്ന് സെറ്റാറ ഇൻസ്റ്റിറ്റ്യൂട്ട് പോലീസിനോട് ആവശ്യപ്പെട്ടു. ഇന്തോനേഷ്യയിൽ 1965ലെ മതനിന്ദ തടയൽ നിയമപ്രകാരം മതനിന്ദ നിരോധിക്കുകയും. ക്രിമിനൽ കോഡിന്റെ ആർട്ടിക്കിൾ 156, 157 എന്നിവ ഈ നിയമത്തെ പിന്തുണയ്ക്കുകയും. കൂടതെ മനുഷ്യ വികാരങ്ങൾ മനഃപൂർവം പ്രകടിപ്പിക്കുകയോ ശത്രുതയുള്ളതായി കരുതുന്ന പ്രവൃത്തികളിൽ ഏർപ്പെടുകയോ ചെയ്യുന്നവർക്കെതിരെ കുറ്റം ചുമത്തുക. മറ്റ് ആളുകൾക്കോ ??മത വിഭാഗങ്ങൾക്കോ ??എതിരായ ശത്രുത, വിദ്വേഷം അല്ലെങ്കിൽ അപമാനം എന്നിവയുടെ പ്രസ്താവനകൾ അടങ്ങിയ രചനകളോ പെയിന്റിംഗുകളോ പ്രക്ഷേപണം ചെയ്യുന്നതോ പ്രദർശിപ്പിക്കുന്നതോ പരസ്യമായി പോസ്റ്റ് ചെയ്യുന്നതോ ഇവയെല്ലാം നിയമങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളതായിരുന്നു.
മറ്റൊരാളുടെ മതത്തെ വൃണപ്പെടുത്തുന്ന തരത്തിലുള്ള സംഭവങ്ങൾ സമൂഹത്തിൽ ഉണ്ടാകാൻ പാടില്ല എന്ന കാര്യത്തിന്മേൽ ഉറപ്പു നൽകണമെന്നും സംഘടന ആവശ്യപ്പെട്ടു. ഇന്നലെ ജക്കാർത്തയിൽ നടന്ന ഒരു വാർഷിക സമ്മേളനത്തിലായിരുന്നു സംഘടന ആവശ്യം ഉന്നയിച്ചത്.

## ഓർക്കസ്ട്രയ്ക്ക് നേതൃത്വം നൽകി ആൻഡ്രോയിഡ് റോബർട്ട്; രാജ്യത്തെ ആദ്യ പരീക്ഷണമെന്ന് സംഗീതജ്ഞർ



സിയോൾ:ദക്ഷിണ കൊറിയയിൽ ദേശീയ ഓർക്കസ്ട്രയ്ക്ക് നേതൃത്വം നൽകി ആൻഡ്രോയിഡ് റോബർട്ട്. സിയോളിലാണ് പ്രമുഖ സംഗീതജ്ഞർ പങ്കെടുത്ത ഓർക്കസ്ട്രയ്ക്ക് എവർ എന്ന ആൻഡ്രോയിഡ് റോബോർട്ട് നേതൃത്വം നൽകിയത്. രാജ്യത്ത് ആദ്യമായാണ് ഇത്തരത്തിലൊരു പരീക്ഷണം നടത്തുന്നത്. മ്യൂസിക് കണ്ടക്ടറുടെ ജോലിയാണ് റോബോർട്ട് ഏറ്റെടുത്തത്. കൊറിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഡസ്ട്രിയൽ ടെക്നോളജിയാണ് റോബോർട്ടിന്റെ നിർമാണത്തിന് നേതൃത്വം നൽകിയത്. മനുഷ്യരൂപത്തിലുള്ള റോബോർട്ട് ആദ്യം കാണികളെ വണങ്ങിയതിന് കൈകൾ വീശി ഓർക്കസ്ട്രയുടെ നിയന്ത്രണമേറ്റെടുത്തു. റോബോർട്ടിനൊപ്പം ഓർക്കസ്ട്രയ്ക്ക് നേതൃത്വം നൽകി ചോയ് സൂ യൂൽ മികച്ച രീതിയിലാണ് ഓർക്കസ്ട്രയെ നിയന്ത്രിച്ചതെന്ന് അഭിപ്രായപ്പെട്ടു.
എന്നാൽ റോബോർട്ടിന് ചെവി കേൾക്കാൻ സാധിക്കാത്തത് പ്രധാന ബലഹീനതയായിരുന്നെന്നും ചോയ് സൂ യൂൽ വ്യക്തമാക്കി. റോബോർട്ടിന് താളത്തെ നിലനിർത്താൻ സാധിച്ചെങ്കിലും ഓർക്കസ്ട്രെയുടെ മറ്റ് കാര്യങ്ങൾ കൃത്യമായി നിയന്ത്രിക്കാൻ സാധിച്ചില്ലെന്ന് പരമ്പരാഗത കൊറിയൻ സംഗീതം പഠിക്കുന്ന ലീ യംഗ് ജു പറഞ്ഞു. റോബോർട്ടിന് ഈ ജോലി കുറച്ച് ബുദ്ധിമുട്ടാണെന്നാണ് തോന്നിയതെന്നും ലീ യംഗ് ജു പറഞ്ഞു.
എന്നാൽ ഈ പരീക്ഷണം ഇപ്പോൾ പ്രാഥമിക തലത്തിൽ മാത്രം നടന്നതാണെന്നാണ് സംഗീതജ്ഞനായ സോംഗ് ഇൻഹോ വ്യക്തമാക്കിയത്. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സഹായത്തോടെ സംഗീതം മനസ്സിലാക്കാനും വിശകലനം ചെയ്യാനും റോബോർട്ടിനെ കൂടുതൽ സജ്ജമാക്കേണ്ടതുണ്ട്. അതിന് ശേഷം റോബോർട്ടിനെ ആരുടെയും സഹായമില്ലാതെ നിയന്ത്രിക്കാനാകുമെന്നാണ് വ്യക്തമാക്കിയത്

CNL7 MEDIA
CHRISTIANLIVE DAILY
Vol. 2 Issue 152
4
Tuesday
Pages 5
521

# ക്രിസ്ത്യൻ ലൈവ് മിഡിൽ ഈസ്റ്റ് പ്രവർത്തന ഉദ്ഘാടനം

## ക്യാമറ കണ്ണുകളിലൂടെ

ജൂലൈ 3ന് ഷാർജാ വർഷിപ്പ് സെന്ററിൽ നടന്ന മീറ്റിംഗിന്റെ വിവിധ ദൃശ്യങ്ങൾ



